# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കട്ടമ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി. 6)1239/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയതി: 24/11/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കട്ടമ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കട്ടമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കട്ടമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

Mums

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി. 6)1239/2025 തീയ്യതി: 24/11/2025

**എറണാകുളം ജില്ലയിലെ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 05-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരിക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനു പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 27-10-2025 | 05-11-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-10-2025 | 05-11-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ശ്രീ.അജിമോൻ പി.പി., ഓഡിറ്റ് ഓഫീസർ
2. ശ്രീ.സ്റ്റാർ പി.ജോൺ., ഓഡിറ്റ് ഓഫീസർ
3. ശ്രീ.ടോണി ജോൺ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.കാന്തി വെള്ളക്കയ്യൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.ശ്രീകുമാർ എസ്. | സെക്രട്ടറി | 01-04-2024 | 25-12-2024 |
| ശ്രീ.സുനിൽ കെ.എൻ. | സെക്രട്ടറി | 26-12-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രതീഷ് ഭാസ്കരൻ | അസി.എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി.അഞ്ചു ടി. വേണു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 17-09-2025 |
| ശ്രീ.അനീഷ് കമാർ പി.വി. | അസിസ്റ്റന്റ് സെക്രട്ടറി | 18-09-2024 | 31-03-2025 |
| ഡോ.ടിനി മാർഗരറ്റ് | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ.അനൂപ് ഇളസി | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. | 01-04-2024 | 31-03-2025 |
| ഡോ.അജി.കെ.എസ്. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2024 | 31-03-2025 |
| ഡോ.ജൂബി കര്യാക്കോസ്. | മെഡിക്കൽ ഓഫീസർ -ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീ.ബാവാസ് എം. | വി.ഇ.ഒ.കട്ടനൃഴ | 01-04-2024 | 16-08-2024 |
| ശ്രീ.ബിജു പി.ബി. | വി.ഇ.ഒ.കട്ടനൃഴ | 17-08-2024 | 31-03-2025 |
| ശ്രീമതി.മഞ്ചുള ബി. | ഹെഡ് മിസ്റ്റസ് ,ജി.യു.പി.സ്കൂൾ | 01-04-2024 | 31-03-2025 |
| ശ്രീമതി.ലിവ്യ ജി.ലാൽ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീ.ആന്റോ വർഗ്ഗീസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.എൽദോസ് പി.സി. | കൃഷി ഓഫീസർ | 01-04-2024 | 31-01-2025 |
| ശ്രീ.ബോസ് മത്തായി | കൃഷി ഓഫീസർ | 01-02-2025 | 05-02-2025 |
| ശ്രീമതി ജെസീന എം.എച്ച്. | കൃഷി ഓഫീസർ | 06-02-2025 | 31-03-2025 |
| ശ്രീ.ജിതിൻ കെ. | വി.ഇ.ഒ.വടാട്ടുപാറ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത. | 1-1-2 |
| 4 | സംരക്ഷണ ഗ്രാന്റിൽ നിന്നുള്ള മൂലധന ചെലവ്. | 1-1-3 |
| 5 | ആസ്തി രജിസ്റ്ററിലെ അപാകതകൾ | 1-1-4 |
| 6 | സി.എഫ്.സി. ഗ്രാന്റ് - ചെലവ് കണക്ക് പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | സി.എഫ്.സി. ഗ്രാന്റ് - നീക്കിയിരിപ്പ് കണക്ക് പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുക അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയില്ല. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | റവന്യൂ കടിശ്ശിക- ₹22,99,223/- പിരിച്ചെടുത്തില്ല | 1-10 |
| 18 | സ്ഥിര നിക്ഷേപം യഥാസമയം പുതുക്കിയില്ല - 2,84,102/- പലിശ നഷ്ടം. | 1-11 |
| 19 | മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ ₹1,21,68,029/- വിനിയോഗിച്ചില്ല. | 1-12 |
| 20 | മുൻകൂർ നൽകിയ തുക - ₹1,01,75,096/- ക്രമീകരിച്ചിട്ടില്ല. | 1-13 |
| 21 | കാലഹരണപ്പെട്ട ഇലക്ഷൻ ഡെപ്പോസിറ്റ് - മുതൽക്കൂട്ടിയില്ല. | 1-14 |
| 22 | മുൻവർഷങ്ങളിൽ നിക്ഷേപിച്ച 1.53 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. | 1-15 |
| 23 | സംയുക്ത പ്രോജക്ട് ഗ്രാന്റ് വിഹിതം യഥാസമയം വിനിയോഗിച്ചില്ല : ₹9,46,030/- നഷ്ടമായി. | 1-16 |
| 24 | വളർത്തു മൃഗങ്ങൾക്ക് ലൈസൻസ് എടുക്കുന്നില്ല. | 1-17 |
| 25 | വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി- അപാകതകൾ | 1-18 |
| 26 | ഇ ടെണ്ടർ ഫീസ് - ബാങ്ക് അക്കൗണ്ട് - അപാകതകൾ | 1-19 |
| 27 | പിണറായിക്കടി ലൈബ്രറി പൂർത്തീകരണം | 1-20 |
| 28 | ഡെപ്പോസിറ്റ് പ്രവർത്തികൾ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-21 |
| 29 | ജൽ ജീവൻ പദ്ധതി - അവലോകനം. | 1-22 |
| 30 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-23 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| 1 | പിണറായിക്കടി ലൈബ്രറി പൂർത്തീകരണം | 3-1 |
| | ഭാഗം 4 | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന. | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-5 |
| 6 | വായ്പ / വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-9 |

| | | |
|---|---|---|
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **29.07.2025**ലെ **1 (I)** -ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **31.07.2025** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **കടുങ്ങല്ലൂർ ഗ്രാമ**പഞ്ചായത്തിന്റെ മാർച്ച് **2025** ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2025** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം** അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **കടുങ്ങല്ലൂർ ഗ്രാമ** പഞ്ചായത്തിന്റെ **2024-25** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : എറണാകുളം**

**തീയതി : 22.11.2025**

**ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്) ) ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 24-25 കാലയളവിലെ "Net Increase (Decrease) In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹3,59,55,733.00 ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹2,30,20,436.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ട് തുകകളും

പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 സംരക്ഷണ ഗ്രാന്റിൽ നിന്നുള്ള മൂലധന ചെലവ്.

മെയിന്റനൻസ് ഗ്രാന്റ് ഫണ്ടിൽ നിന്നും മെയിന്റനൻസ് പ്രവൃത്തികൾക്കാണ് തുക വിനിയോഗിക്കാവുന്നത്. മെയിന്റനൻസിനു വേണ്ടി വരുന്ന ചെലവുകൾ റവന്യൂ ചെലവായാണ് അക്കൗണ്ട് ചെയ്യേണ്ടത് എന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ഫണ്ടിൽ ഓഡിറ്റ് വർഷം ആകെ ചെലവഴിച്ച ₹66,17,351/-ൽ ₹1,06,189/- ക്യാപിറ്റൽ കോൺട്രിബ്യൂഷനായാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ഏത് ആസ്തി സൃഷ്ടിക്കുന്നതിനാണ് സംരക്ഷണ ഗ്രാന്റ് ചെലവഴിച്ചിട്ടുള്ളത് എന്നതിന്റെ ആസ്തി രജിസ്റ്റർ രേഖകൾ ലഭ്യമല്ല.

### 1-1-4 ആസ്തി രജിസ്റ്ററിലെ അപാകതകൾ

നിലവിലുള്ള അസറ്റ് രജിസ്റ്ററിന്റെ രൂപകൽപന പിന്തുണക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള അസറ്റ് മൂല്യം അസറ്റ് രജിസ്റ്ററിൽ കണ്ടെത്താനാകുന്നില്ല.

### 1-1-5 സി.എഫ്.സി. ഗ്രാന്റ് - ചെലവ് കണക്ക് പൊരുത്തപ്പെടുന്നില്ല

ഓഡിറ്റ് വർഷത്തിലെ സി.എഫ്.സി. ഗ്രാന്റ് ചെലവ് വാർഷിക ധനകാര്യ പത്രികയിലെ ചെലവ് തുക, സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ഉള്ള ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല. ഇവ തമ്മിൽ ₹81,535/- ന്റെ വ്യത്യാസം കാണുന്നു.

### 1-1-6 സി.എഫ്.സി. ഗ്രാന്റ് – നീക്കിയിരിപ്പ് കണക്ക് പൊരുത്തപ്പെടുന്നില്ല

സി.എഫ്.സി. ഫണ്ട് നീക്കിയിരുപ്പ് ബി.4 ഷെഡ്യൂൾ പ്രകാരമുള്ളതും ബി.17 ലെ ബാങ്ക് ബുക്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. ഇവ തമ്മിൽ ₹3,88,778/- ന്റെ വ്യത്യാസം ഉണ്ട്.

### 1-1-7 നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുക അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയില്ല.

ഫോറസ്റ്റ് വകുപ്പിൽ വിവിധ പ്രവൃത്തികൾക്കായി മുൻകൂറായി നൽകിയ 26,88,000/- രൂപ അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയില്ല.

### 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 08.02.2024 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. പ്രസ്തുത ബജറ്റ് പരിഷ്കരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് 04.03.2025 ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് എസ്റ്റിമേറ്റ് | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| മുന്നിരുപ്പ് | ₹65,46,935 | ₹65,46,935 |
| വരവ് | ₹59,53,55,825 | ₹72,96,54,071 |
| ആകെ | ₹60,19,02,760 | ₹73,62,01,006 |
| ചെലവ് | ₹59,41,26,530 | ₹72,84,00,505 |
| നീക്കിയിരുപ്പ് | ₹77,76,230 | ₹78,00,501 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹8,82,60,917.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹12,67,44,188.00 |
| ആകെ | : | **₹21,50,05,105.00** |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹9,07,88,455.00 |
| നീക്കിയിരുപ്പ് | : | ₹12,42,16,650.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്ന

വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | ബാങ്ക് നീക്കിയിരുപ്പ് (₹) | ലാപ്സായ തുക (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | ACR: 9,18,71,875<br>GO Pro: 40,73,125<br>9,59,45,000 | 9,59,45,000 | Revenue: 5,20,06,060<br>Capital: 1,76,85,655<br>6,96,91,715 | - | 2,62,53,285 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | ACR: 43,03,333<br>GO Pro: 7,70,667<br>50,74,000 | 50,74,000 | 48,41,056 | - | 2,32,944 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | ACR: 1,05,60,012<br>GO Pro: 18,11,988<br>1,23,72,000 | 1,23,72,000 | 1,09,98,406 | - | 13,73,594 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 4,57,53,000 | 4,57,53,000 | 1,63,69,119 | - | 2,93,83,881 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 0 | 1,12,64,000 | 1,12,64,000 | Revenue: 65,11,162<br>Capital: 1,06,189<br>66,17,351 | - | 46,46,649 |
| സി.എഫ്.സി - ബേസിക് | 1,54,65,739 | 1,61,66,534<br>Int: 17,87,928<br>1,79,54,462 | 3,34,20,201 | Revenue: 26,31,400<br>Bank Charge: 99<br>Capital: 68,91,099<br>95,22,598 | 2,38,97,603 | - |
| സി.എഫ്.സി -ടൈഡ് | 3,63,69,908 | 3,51,53,000 | 7,15,22,908 | Revenue: 54,63,881<br>Capital: 26,80,247<br>81,44,128 | 6,33,78,780 | - |
| സി.എഫ്.സി -ബേസിക് ട്രഷറി | 0 | 34,53,499 | 34,53,499 | Capital: 1,91,784 | - | 32,61,715 |
| സി.എഫ്.സി -ടൈഡ് പെർഫോർമൻസ് | 0 | 1,13,97,923 | 1,13,97,923 | Revenue: 12,68,561<br>Capital: 31,501<br>13,00,062 | - | 1,00,97,861 |
| ടോട്ടൽ സാനിട്ടേഷൻ ക്യാമ്പെയിൻ 320100181 | 0 | 41,000 | 41,000 | 36,000 | 5,000 | - |
| വെസ്റ്റേൺ ഘട്ട് പ്രോഗ്രാം 320100186 | 442 | 0 | 442 | 0 | 442 | - |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് 320100192 | 0 | 1,00,000 | 1,00,000 | 0 | 1,00,000 | - |
| ഐ.സി.ഡി.എസ്. 320100196 | 42,45,468 | 22,48,007 | 64,93,475 | 13,64,581 | 51,28,894 | - |
| ലിറ്ററസി ഗ്രാന്റ് 320100197 | 15,251 | Int:458 | 15,709 | 0 | 15,709 | - |
| ഗ്രാന്റ് ഫ്രം ശുചിത്വ മിഷൻ 320100198 | 51,31,174 | 0 | 51,31,174 | 0 | 51,31,174 | - |

| | | | | | | |
|---|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ 320100202 | 9,29,229 | 3,71,000<br>Int: 26,741<br>3,97,741 | 13,26,970 | 2,08,516 | 11,18,454 | - |
| ഹെൽത്ത് ഗ്രാന്റ് വെൽനെസ്സ് സെന്റർ 320100204 | 3,83,043 | 5,96,000<br>Int: 10,764<br>6,06,764 | 9,89,807 | 1,27,500 | 8,62,307 | - |
| അദർ ലയബിലിറ്റീസ് 320100999 | 2,67,780 | 0 | 2,67,780 | 32,000 | 2,35,780 | - |
| ആയുർവേദം ക്യാപിറ്റൽ 320200207 | 36,383 | 0 | 36,383 | 0 | 36,383 | - |
| എം.പി.-എൽ.എ.ഡി. 320200306 | 74,970 | 0 | 74,970 | 0 | 74,970 | - |
| അദർ പർപ്പസ് (ഹൌസിങ്ങ്) 320200399 | 84,78,151 | 2,04,00,000 | 2,88,78,151 | 1,91,40,000 | 97,38,151 | - |
| ടോട്ടൽ സാനിട്ടേഷൻ 320300103 | 22,74,000 | 0 | 22,74,000 | 0 | 22,74,000 | - |
| സ്പെസിഫിക് പർപ്പസ് അദർ ഗവ. ഏജൻസി (ആശ്രയ) 320300199 | 50,72,436 | 0 | 50,72,436 | 13,33,333 | 37,39,103 | - |
| സ്പെസിഫിക് പർപ്പസ് അദർ ഫിനാൻഷ്യൽ ഇൻസ്റ്റ്യൂഷൻ 320400199 | 30,132 | 0 | 30,132 | 0 | 30,132 | - |
| വെൽഫെയർ ബോഡി ക്യാപിറ്റൽ 320500101 | 3,36,981 | Int: 9,388 | 3,46,369 | 0 | 3,46,369 | - |
| ജോയിന്റ് വെഞ്ചർ - ബ്ലോക്ക് - ക്യാപ്പിറ്റൽ 320700104 | 1,60,147 | 0 | 1,60,147 | 56,911 | 1,03,236 | - |
| ജോയിന്റ് വെഞ്ചർ - ബ്ലോക്ക് - റവന്യൂ 320700204 | 63,135 | 0 | 63,135 | 0 | 63,135 | - |
| ജോയിന്റ് വെഞ്ചർ - ജില്ല - റവന്യൂ 320700205* | 17,596 | 0 | 17,596 | 0 | 17,596 | - |

.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത്. (എണ്ണം) | ഭാഗികമായി നടപ്പാക്കിയത്. (എണ്ണം) | നടപ്പാക്കാത്തവ. (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 469 | ₹58,02,96,275 | 17,70,75,076 | 176 | 253 | 40 | 37.53 |

* ഉത്തരവിൽ കറവ് ചെയ്ത് ജി.ഒ.പ്രോജക്ട് പ്രകാരം ക്രമീകരിച്ചിട്ടുള്ള ₹66,55,780/- അടങ്കലിൽ ഉൾപ്പെടുന്നതാണ്.

**ഗ്രാന്റുകൾ പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ 7.53 കോടി രൂപ ലാപ്സായി.**

| ഗ്രാന്റ് | അലോക്കേഷൻ (₹) | ചെലവ് തുക(₹) | ചെലവ് ശതമാനം | ലാപ്സായ തുക(₹) |
|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 9,59,45,000 | 6,96,91,715 | 72.64 | 2,62,53,285 |
| വികസന ഫണ്ട് (എസ്.സി.പി.) | 50,74,000 | 48,41,056 | 95.41 | 2,32,944 |
| വികസന ഫണ്ട് (ടി.എസ്.പി.) | 1,23,72,000 | 1,09,98,406 | 88.9 | 13,73,594 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 4,57,53,000 | 1,63,69,119 | 35.78 | 2,93,83,881 |

| | | | | |
|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് റോഡിതരം | 1,12,64,000 | 66,17,351 | 58.75 | 46,46,649 |
| സി.എഫ്.സി –ബേസിക് (ടഷറി) | 34,53,499 | 1,91,784 | 5.56 | 32,61,715 |
| സി.എഫ്.സി –ടൈഡ് (ടഷറി) | 1,13,97,923 | 13,00,062 | 11.4 | 1,00,97,861 |
| ആകെ | 18,52,59,422 | 11,00,09,493 | 59.38 | 7,52,49,929 |

**നിർവ്വഹണ ഉദ്യോഗസ്ഥരുടെ കുറവ് സമയ ബന്ധിതമായ പദ്ധതി നിർഹണത്തെ ബാധിക്കുന്നു.**

ഗ്രാമപഞ്ചായത്തിന് ഓഡിറ്റ് വർഷം ടഷറി മുഖേന ലഭിച്ച 18.53 കോടി രൂപയിൽ 11 കോടി രൂപ മാത്രമാണ് വിനിയോഗിക്കാൻ സാധിച്ചിട്ടുള്ളത്. 7.53 കോടി രൂപ ലാപ്പായതിന്റെ പ്രധാന കാരണം പദ്ധതി നിർവ്വഹണത്തിനായി ഗ്രാമപഞ്ചായത്തിൽ ലഭ്യമായ ഉദ്യോഗസ്ഥരുടെ കുറവ് ആണ്. 543.02 ചതുരശ്ര കിലോമീറ്റർ ഭൂവിസ്തൃതിയും 17 വാർഡുകളും 15 പട്ടികവർഗ ഉന്നതികളും പട്ടികജാതി ഉന്നതികളും 24000 വരുന്ന ജനങ്ങൾ അധിവസിക്കുന്നതുമായ മലനാട് ആണ് കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തേണ്ടുന്ന പശ്ചാത്തല മേഖലയിലെ പ്രവൃത്തികൾ വി.ഇ.ഒ. മാർ നിർവ്വഹണം നടത്തേണ്ട വ്യക്തിഗതാനുകൂല്യങ്ങൾ, പ്രോജക്ടുകൾ എന്നിവയിലാണ് പ്രധാനമായും പൂർണ്ണമായും തുക വിനിയോഗിക്കാൻ സാധിക്കാതെ വന്നിട്ടുള്ളത്. സഞ്ചാരസാഹചര്യങ്ങൾ എളുപ്പമല്ലാത്ത ഗ്രാമപഞ്ചായത്തിലെ വനാതിർത്തികളിൽ സ്ഥിതിചെയ്യുന്ന ഉന്നതികളിൽ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കൽ, വാല്യുവേഷൻ, നിർമ്മിതികളുടെ വിവിധ ഘട്ട പൂർത്തീകരണ പരിശോധന, മെഷർമെന്റ് എടുക്കൽ ഇടങ്ങിയവയുടെ ചുമതല വഹിക്കുന്നത് ഒരു എഞ്ചിനീയറും രണ്ട് വി.ഇ.ഒ. മാരുമാണ്. സമയബന്ധിതമായി ഇത്തരം പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് ഇവർക്ക് പരിമിതികൾ നേരിടുന്നു.

ആകെ ജനസംഖ്യയിൽ 50%ത്തിൽ അധികം വരുന്ന പട്ടിക വർഗ്ഗ, പട്ടിക ജാതി വിഭാഗക്കാർക്കായുള്ള വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി, ലഭ്യമായ ഗ്രാന്റുകൾ പൂർണ്ണമായി വിനിയോഗിച്ചുകൊണ്ട് നടപ്പിലാക്കുന്നതിലേക്കായി താൽക്കാലികമായിട്ടെങ്കിലും ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെയും വി.ഇ.ഒ.യുടെയും തസ്തികകൾ അനുവദിക്കുന്നതിന് ബഹു.സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നു. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതി നടപടികൾ സ്വീകരിക്കുന്നതും ഉചിതമായിരിക്കും.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1 | 14,64,790<br>+Int:<br>12,774<br>14,77,564 | 14,77,565 | 14,77,564 | 1 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 5,59,52,811 | 5,59,52,811 | Revenue:<br>4,95,34,097<br>Capital:<br>64,18,714<br>5,59,52,811 | 0 |
| ആകെ | **1** | **5,74,30,375** | **5,74,30,376** | **5,74,30,375** | **1** |

** ഈ തുക തൻവർഷത്തെ യഥാർത്ഥ ഭരണചെലവല്ല. തനത് ഫണ്ടിൽ നിന്നും ഭരണ ചെലവുകൾക്കായി മുൻകൂർ ചെലവഴിച്ചതിൽ റീഇംബേഴ്സ് ചെയ്ത തുകയാണിത്. ഓഡിറ്റ് വർഷത്തെ അഡ്മിൻ ചെലവ് ₹20,70,531/- ആണ് (ലെഡ്ജർ 460500801).

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 5504800 | 330 |
| വിധവാപെൻഷൻ | 15613000 | 989 |
| വാർദ്ധക്യകാല പെൻഷൻ | 38668600 | 2643 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 6999200 | 416 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 318400 | 22 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.10.2025 തീയതിയിൽ ഉച്ചയ്ക്ക് 3.00 മണിക്ക് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹500/- ന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

**പദ്ധതി മോണിറ്ററിങ് സംവിധാനം കാര്യക്ഷമമല്ല.**

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിങ് സമിതിയായി പ്രവർത്തിക്കേണ്ടത്. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിങ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

**റവന്യൂ വരുമാനം - സമയബന്ധിതമായി പിരിച്ചെടുക്കുന്നില്ല.**

ഗ്രാമപഞ്ചായത്ത് ഓഡിറ്റിനായി സമർപ്പിച്ച വാർഷിക ധനകാര്യപത്രികയിലെ ആസ്തി ബാദ്ധ്യത കണക്കുകൾ പ്രകാരം വസ്തുനികുതി, വാടക, മറ്റ് വരവുകൾ എന്നീ ഇനങ്ങളിൽ 22.99ലക്ഷം രൂപയുടെ റവന്യൂ പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്നതായി കാണുന്നു. കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് വസ്തുനികുതി ഡിമാന്റ് നോട്ടീസുകൾ നൽകിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. പിരിവുദ്യോഗസ്ഥന്മാരുടെ യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ വിളിച്ചു ചേർത്ത് റവന്യൂ കളക്ഷൻ പ്രോഗ്രസ് നിരീക്ഷിക്കേണ്ടതും ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ - കാര്യക്ഷമമല്ല.**

ഗ്രാമപഞ്ചായത്തിന്റെ 1996-97 മുതൽക്കുള്ള 19 ഓളം ഓഡിറ്റ് റിപ്പോർട്ടുകളിലെ പല പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിന് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള ആഭ്യന്തര നിയന്ത്രണ ഉപാധികളായ ഈ ചട്ടം പഞ്ചായത്ത് പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 റവന്യൂ കുടിശ്ശിക- ₹22,99,223/- പിരിച്ചെടുത്തില്ല

ഗ്രാമപഞ്ചായത്ത് ഓഡിറ്റിനായി സമർപ്പിച്ച വാർഷിക ധനകാര്യപത്രികയിലെ ആസ്തി ബാദ്ധ്യത കണക്കുകൾ പ്രകാരം നികുതി-നികുതിയേതര ഇനത്തിൽ 22.99 ലക്ഷം രൂപയുടെ റവന്യൂ പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്നതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | പിരിച്ചെടുക്കുവാൻ ബാക്കിയുള്ള തുക (₹) |
|---|---|---|
| 431100101 | വസ്തുനികുതി പാർപ്പിടാവശ്യം (തൻവർഷം) | 275,857.00 |
| 431100102 | വസ്തുനികുതി പാർപ്പിടാവശ്യം (മുൻവർഷം) | 392,704.00 |
| 431100103 | വസ്തുനികുതി പാർപ്പിടേതരം (തൻവർഷം) | 325,957.00 |
| 431100104 | വസ്തുനികുതി പാർപ്പിടേതരം (മുൻവർഷം) | 643,871.00 |
| 431120102 | തൊഴിൽ നികുതി- സ്ഥാപനങ്ങൾ (മുൻവർഷം) | 11,000.00 |

| | | |
|---|---|---|
| 431300198 | മറ്റ് ഫീസുകൾ (തൻവർഷം) | 195,395.00 |
| 431300199 | മറ്റ് ഫീസുകൾ (മുൻവർഷം) | 396,711.00 |
| 431400102 | കെട്ടിട വാടക (മുൻവർഷം) | 7,728.00 |
| 431400124 | മറ്റ് വരവുകൾ (മുൻവർഷം) | 50,000.00 |
| **ആകെ** | | **22,99,223.00** |

ഈ കടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10 തീ.27.10.2025) തുക പിരിച്ചെടുക്കുന്നതിന് ഡിമാൻറ് നോട്ടീസ് വിതരണം ചെയ്തു വരുന്നെന്നും സാമ്പത്തിക വർഷാവസാനത്തിന് മുൻപേ കടിശ്ശിക തുക ഈടാക്കുന്നതാണ് എന്നും മറുപടി നൽകി. കടിശ്ശിക മുഴുവൻ പിരിച്ചെടുത്ത് വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-11 സ്ഥിര നിക്ഷേപം യഥാസമയം പുതുക്കിയില്ല - 2,84,102/- പലിശ നഷ്ടം.**

വാർഷിക ധനകാര്യ പത്രികയിലെ ബി.12 ഷെഡ്യൂൾ പ്രകാരം സ്ഥിരനിക്ഷേപം നീക്കിയിരുപ്പ് 3,443,664.00 രൂപയാണ്. എന്നാൽ ഈ തുക തന്നെയാണ് ഈ ശീർഷകത്തിലെ മുന്നിരുപ്പുതുകയും. ഇത് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് കട്ടപ്പന (നം.കെ- 316) ൽ 21570/29.03.2024 -ാം നമ്പർ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുകയാണ്. സർട്ടിഫിക്കറ്റനുസരിച്ച് തുക ഒരു വർഷകാലയളവിലേക്ക് 8.25% പലിശ നിരക്കിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. ഇതിന്റെ കാലാവധി 28.03.2025 ന് അവസാനിച്ചെങ്കിലും സ്ഥിരനിക്ഷേപം പുതുക്കി പലിശ മുതൽകൂട്ടിയിട്ടുള്ളതായി കാണുന്നില്ല. പലിശയിനത്തിൽ ഈ കാലയളവിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതായ 2,84,102/- രൂപ ലഭിച്ചിട്ടില്ല. യഥാസമയം സ്ഥിരനിക്ഷേപം പുതുക്കി നിക്ഷേപിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/27.10.2025) ഇ.എം.എസ്. ഭവന പദ്ധതിയുടെ പലിശയിനത്തിൽ സർക്കാർ നൽകേണ്ട തുക സഹകരണ ബാങ്കിന് ലഭിച്ചിട്ടില്ല എന്ന് വാദിച്ച് ബാങ്ക് സ്ഥിരനിക്ഷേപം പുതുക്കി നൽകുന്നതിന് വിമുഖത കാണിക്കുന്നു എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. കൂടാതെ ഈ തുക കട്ടപ്പന യൂണിയൻ ബാങ്കിലേക്ക് ലഭിക്കുന്നതിന് 07.03.2025 ൽ എസ്.സി.1/431/2025 നമ്പരായി കോതമംഗലം അസിസ്റ്റന്റ് രജിസ്ട്രാർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത കാരണത്താൽ പഞ്ചായത്തിന് ലഭിക്കേണ്ട മുതലും പലിശയും തടയുന്ന സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് കട്ടപ്പന (നം.കെ-316) യുടെ നടപടി അംഗീകരിക്കാവുന്നതല്ല. നിയമപരമായ നടപടികൾ കൈക്കൊണ്ട് ഈ സ്ഥിരനിക്ഷേപം പലിശ സഹിതം ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ഈടാക്കേണ്ടതാണ്.

**1-12 മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ ₹1,21,68,029/- വിനിയോഗിച്ചില്ല.**

ആസ്തി ബാദ്ധ്യത കണക്കിലെ B-4 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിൽ ലഭിച്ച പല ഗ്രാന്റുകളും യഥാകാലം വിനിയോഗിക്കാതെ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | നീക്കിയിരുപ്പ് (₹) |
|---|---|
| വെസ്റ്റേൺ ഘട്ട് പ്രോഗ്രാം 320100186 | 442 |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് 320100192 | 1,00,000 |
| ലിറ്ററസി ഗ്രാന്റ് 320100197 | 15,709 |
| ഗ്രാന്റ് ഫ്രം ശുചിത്വ മിഷൻ 320100198 | 51,31,174 |
| അദർ ലയബിലിറ്റീസ് 320100999 | 2,35,780 |
| ആയുർവേദം ക്യാപിറ്റൽ 320200207 | 36,383 |
| എം.പി.-എൽ.എ.ഡി. 320200306 | 74,970 |
| ടോട്ടൽ സാനിട്ടേഷൻ 320300103 | 22,74,000 |
| സ്പെസിഫിക് പർപ്പസ് അദർ ഗവ. ഏജൻസി 320300199 | 37,39,103 |
| സ്പെസിഫിക് പർപ്പസ് അദർ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ 320400199 | 30,132 |
| വെൽഫെയർ ബോഡി ക്യാപിറ്റൽ 320500101 | 3,46,369 |
| ജോയിന്റ് വെഞ്ചർ - ബ്ലോക്ക് - ക്യാപ്പിറ്റൽ 320700104 | 1,03,236 |
| ജോയിന്റ് വെഞ്ചർ - ബ്ലോക്ക് - റവന്യു 320700204 | 63,135 |

| | |
|---|---|
| ജോയിന്റ് വെഞ്ച്വർ -ജില്ല – റവന്യൂ 320700205 | 17,596 |
| **ആകെ** | **1,21,68,029** |

ഗ്രാന്റ് തുക വിനിയോഗിക്കാതെ ഇടുന്നതിന്റെ കാരണവും ഗ്രാന്റുകൾ ഏതേത് വർഷങ്ങളിൽ എന്ത് ആവശ്യങ്ങൾക്കായി ലഭിച്ചതെന്നും അതിൽ തുകകൾ തൻവർഷം വിനിയോഗിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/27.10.2025) മറുപടി ലഭ്യമാക്കിയില്ല.

പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ലഭിച്ചിട്ടുള്ള ഈ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തുക തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-13 മുൻകൂർ നൽകിയ തുക – ₹1,01,75,096/- ക്രമീകരിച്ചിട്ടില്ല.**

വാർഷിക ധനകാര്യ പത്രികയിലെ ബി.18 ഷെഡ്യൂൾ പ്രകാരം താഴെ ചേർക്കുന്ന വിവിധ ശീർഷകങ്ങളിലായി നൽകിയ മുൻകൂർ തുക ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതായി കാണുന്നു.

| കോഡ് | ശീർഷകം | തുക (₹) |
|---|---|---|
| 460100199 | അദർ അഡ്വാൻസസ് | 47,248.00 |
| 460500306 | അഡ്വാൻസ് ടു സി.ഡി.എസ്. | 23,870.00 |
| 460500399 | അഡ്വാൻസ് ടു അദർ ഓഥറൈസ്ഡ് ഏജൻസീസ് | 99,73,343.00 |
| 460500501 | അഡ്വാൻസ് ടു ഇംപ്ലിമെന്റിങ് ഓഫീസേഴ്സ് | 84,535.00 |
| 460509901 | അഡ്വാൻസസ് ടു അദേഴ്സ് | 46,100.00 |
| **ആകെ** | | **1,01,75,096.00** |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും അതിന്റെ 18% പിഴ പലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ മേൽ പരാമർശിത മുൻകൂറുകൾ ഇപ്രകാരം ക്രമീകരിച്ചിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണവും മുൻകൂർ ആരൊക്കെയാണ് കൈപ്പറ്റിയതെന്നും ആയത് നാളിതുവരെ ക്രമീകരിക്കാതിരുന്നവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05/27.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

മുൻകൂറായി നൽകുന്ന തുകകൾ ചട്ടപ്രകാരം നിശ്ചിത സമയത്തിനകം തന്നെ ക്രമീകരിക്കുന്നതിനും അല്ലാത്തപക്ഷം ചട്ടം അനുശാസിക്കുന്ന തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ ശ്രദ്ധയിലേക്കായി ശുപാർശ ചെയ്യുന്നു.

**1-14 കാലഹരണപ്പെട്ട ഇലക്ഷൻ ഡെപ്പോസിറ്റ് – മുതൽകൂട്ടിയില്ല.**

വാർഷിക ധനകാര്യ പത്രികയിലെ ബി.7 ഷെഡ്യൂൾ (340100303) പ്രകാരം താഴെ ചേർക്കും പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ₹73,500/- ബാദ്ധ്യത ഉള്ളതായി കാണുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തെരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം, കാലഹരണപ്പെട്ടിട്ടുള്ള നിക്ഷേപം എന്നിവ തനത് ഫണ്ടിലേക്ക് നാളിതുവരെ മുതൽകൂട്ടിയിട്ടില്ല. നിലവിലും ഈ തുക ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യതയായി നിലനിർത്തുന്നതിനുള്ള കാരണം വിശദമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/27.10.2025) മറുപടി ലഭ്യമാക്കിയില്ല.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് ഉടനെ നടക്കാനിരിക്കുന്ന സാഹചര്യത്തിൽ നിലവിൽ കാലഹരണപ്പെട്ടിട്ടുള്ള ഈ തുക തനത് ഫണ്ടിലേക്ക് മുതൽകൂട്ടി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-15 മുൻവർഷങ്ങളിൽ നിക്ഷേപിച്ച 1.53 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.**

വാർഷിക ധനകാര്യപത്രിക പ്രകാരം (ബി.18 ഷെഡ്യൂൾ) വിവിധ പ്രവൃത്തികൾക്കായി മുൻവർഷങ്ങളിൽ നിക്ഷേപിച്ച തുകകളിൽ ഇനിയും പണി പൂർത്തീകരിച്ച് മുൻകൂർ നൽകിയ തുക ക്രമീകരിക്കാതെ ഉള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | തുക നിക്ഷേപിക്കപ്പെട്ട സ്ഥാപനം | ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക (₹) |
|---|---|---|
| 460500201 | കേരള വാട്ടർ അതോറിറ്റി | 1,23,55,486.00 |
| 460500202 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 19,58,887.00 |
| 460500206 | അനർട്ട് | 9,62,500.00 |
| **ആകെ** | | **1,52,76,873.00** |

ഏതെല്ലാം വർഷങ്ങളിൽ ഏതേത് പ്രവൃത്തികൾക്ക് വേണ്ടിയാണ് ഈ തുകകൾ നിക്ഷേപിച്ചിട്ടുള്ളത് എന്നും പ്രവൃത്തി പൂർത്തീകരിച്ച് മുൻകൂർ തുക ക്രമീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള വിവരങ്ങളും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/27.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തികൾ എത്രയും വേഗത്തിൽ പൂർത്തീകരിക്കുന്നതിനും ഫൈനൽ ബിൽ സഹിതം ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ ശ്രദ്ധയിലേക്കായി ശുപാർശ ചെയ്യുന്നു.

**1-16 സംയുക്ത പ്രോജക്ട് ഗ്രാന്റ് വിഹിതം യഥാസമയം വിനിയോഗിച്ചില്ല : ₹9,46,030/- നഷ്ടമായി.**

വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം പഞ്ചായത്തിന് റിഡംപ്ഷൻ ഇനത്തിൽ (ഹെഡ് കോഡ് 431500199) ₹71,42,910/- തിരികെ ലഭിക്കുവാനുണ്ട്.

| | |
|---|---|
| വർഷാരംഭത്തിൽ തിരികെ ലഭിക്കുവാനുള്ള റിഡംപ്ഷൻ തുക | ₹51,82,378 |
| തൻവർഷത്തെ റിഡംപ്ഷൻ തുക (തനത് ഫണ്ട് അക്കൗണ്ട്) | ₹61,96,880 |
| ആകെ റിഡംപ്ഷൻ തുക | ₹1,13,79,258 |
| തൻവർഷം തിരികെ ലഭിച്ച തുക | ₹42,36,348 |
| വർഷാവസാനം തിരികെ ലഭിക്കുവാനുള്ള റിഡംപ്ഷൻ തുക | ₹71,42,910 |

ഈ തുകയിൽ ₹61,96,880/- ഏപ്രിൽ 2025ൽ തിരികെ ലഭിച്ചിട്ടുണ്ട്. എന്നാൽ ₹9,46,030/- നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല. സംയുക്ത പ്രോജക്ടിനായുള്ള ട്രഷറി അക്കൗണ്ടിൽനിന്നും മുൻവർഷത്തിൽ റിഡംപ്ഷൻ നടത്തിയിട്ടുള്ള തുകയാണ്. 03.04.2024 ലെ 22/2024/ധന. നമ്പർ സർക്കുലർ പ്രകാരം ജോയിന്റ് വെഞ്ചർ ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും റിഡംപ്ഷൻ നടത്തിയിട്ടുള്ള തുക ഇനി റീഅലോട്ട് ചെയ്യില്ല എന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ഈ തുക ഇനി തിരികെ ലഭിക്കാൻ സാധ്യതയില്ല. യഥാസമയം തുക വിനിയോഗിക്കാതിരുന്നതിനാൽ ഈ തുക പഞ്ചായത്തിന് നഷ്ടമായിട്ടുള്ളതാണ്.

പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന ഗ്രാന്റ് തുകകൾ നഷ്ടമാക്കാതെ യഥാസമയം തന്നെ നിർദ്ദിഷ്ട ആവശ്യത്തിനു വേണ്ടി വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-17 വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് എടുക്കുന്നില്ല.**

| | | |
|---|---|---|
| പ്രോജക്ട് | പേവിഷബാധ നിർമ്മാർജ്ജന പദ്ധതി (എസ്.103/25) | |
| അടങ്കൽ | ₹50,000/- (വികസന ഫണ്ട് ജനറൽ) | |
| ചെലവ് വിവരം | ₹29,500/- | യു.ടി.ആർ. RBI0832513648859/22.3.25 |
| | ₹19,302/- | യു.ടി.ആർ. RBI0832513648860/22.3.25 |
| | **₹48,802/-** | |
| നിർവ്വഹണ ഉദ്യോഗസ്ഥ | വെറ്ററിനറി സർജൻ | |

മേൽ പ്രോജക്ട് പ്രകാരം പേവിഷനിർമ്മാർജ്ജനത്തിനായി 2025 മാർച്ച് 10 മുതൽ 14 വരെ ക്യാമ്പുകൾ സംഘടിപ്പിച്ച 789 വളർത്തുമൃഗങ്ങൾക്ക് വാക്സിൻ നൽകിയിട്ടുണ്ട്. വാക്സിനേഷൻ സംബന്ധിച്ച നോട്ടീസിൽ വാക്സിൻ എടുക്കുന്ന നായകൾക്ക് നിർബന്ധമായും പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥയായ വെറ്ററിനറി സർജൻ 28.05.2025 ൽ പ്രതിരോധ കുത്തിവയ്പ്പെടുത്ത നായ്ക്കളുടെയും ഉടമസ്ഥരുടെയും വിവരങ്ങൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്.

ഓഡിറ്റ് വർഷത്തെ കണക്കുകൾ പ്രകാരം 16 നായകൾക്ക് മാത്രമാണ് ലൈസൻസ് എടുത്തതായി കാണുന്നത് (16